X. അവകാശ ലംഘന പ്രശ്നങ്ങൾ

(എ) പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്ത അവകാശ ലംഘനപ്രശ്നം

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനത്തെ സംബന്ധിച്ച് 8-7-2003-ൽ നോട്ടീസ് നൽകിയിരുന്ന അടിയന്തിര പ്രമേയത്തിന് അവതരണാനുമതി തേടിയ അവസരത്തിൽ സഭാദ്ധ്യക്ഷനും പ്രതിപക്ഷ നേതാവും നടത്തിയ പരാമർശങ്ങൾ 9-7-2003-ൽ പുഷ്പഗിരി മെഡിക്കൽ കോളേജിനു നേരെ നടന്ന അക്രമങ്ങൾക്ക് പ്രേരണയായെന്ന് ആരോപിച്ചുകൊണ്ട് കോളേജ് ഡയറക്ടർ ഫാ. എബ്രഹാം കാക്കനാട്ട് നടത്തിയ പത്രസമ്മേളനത്തെക്കുറിച്ച് 13-7-2003-ലെ മലയാള മനോരമ പത്രത്തിൽ വാർത്ത വന്നിരുന്നു. ചില ഭരണ-പ്രതിപക്ഷ നേതാക്കളും സ്പീക്കറും അവരുടെ സ്ഥാനത്തിന്റെ മാന്യതയ്ക്ക് യോജിക്കാത്ത പ്രസ്താവനകളാണ് സഭയിൽ നടത്തിയതെന്നും, പ്രതിപക്ഷ നേതാവ് അണികളെ പ്രകോപിപ്പിക്കുന്ന രീതിയിലാണ് സംസാരിച്ചതെന്നും ഫാ. എബ്രഹാം കാക്കനാട്ട് ആരോപിച്ചിട്ടുണ്ട്. അവകാശലംഘനങ്ങൾ സംബന്ധിച്ച് കൗൾ ആന്റ് ശക്ധർ ഇപ്രകാരം പറയുന്നു. "It is a breach of privilege and contempt of the House to make speeches, or to print or publish any libels, reflecting on the character or proceedings of the House or its Committee, or any member of the House for or relating to his character or conduct as a Member of Parliament". പുഷ്പഗിരി മെഡിക്കൽ കോളേജ് ഡയറക്ടർ നടത്തിയ പത്രസമ്മേളനത്തിലെ ചില പരാമർശങ്ങൾ പ്രഥമ ദൃഷ്ട്യാ സഭയുടെ പ്രത്യേകാവകാശങ്ങളുടെ ലംഘനമാണെന്ന് ചെയർ കരുതുന്നു. ആയതിനാൽ ഈ പ്രശ്നം നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പരിശോധനയ്ക്കും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യുന്നു.

(ബി) അനുമതി നിഷേധിച്ചവ

കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് ആദിവാസികൾക്ക് 3,163.86 ഏക്കർ ഭൂമി പതിച്ചുനൽകിയിട്ടുണ്ടെന്നിരിക്കെ കഴിഞ്ഞ ഭരണകാലത്ത് ഒരു തുണ്ടു ഭൂമിപോലും നൽകിയില്ലായെന്ന് 26-2-2003-ൽ പ്രതിപക്ഷ നേതാവിന്റെ സബ്മിഷന് മറുപടി നൽകി സഭയെ തെറ്റിദ്ധരിപ്പിച്ചു എന്നാരോപിച്ചുകൊണ്ട് മുഖ്യമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു നോട്ടീസ് നൽകിയിരുന്നു. ഈ പ്രശ്നം ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 17-3-2003-ൽ ഈ വിഷയം സഭ മുമ്പാകെ വീണ്ടും വന്ന അവസരത്തിൽ മുഖ്യമന്ത്രിതന്നെ താൻ നേരത്തെ നൽകിയ വിശദീകരണം തിരുത്തിയ സാഹചര്യത്തിൽ അദ്ദേഹം സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതിനോ, സഭയിൽനിന്നും എന്തെങ്കിലും മറച്ചുവയ്ക്കുന്നതിനോ ശ്രമിച്ചതായി ചെയർ കരുതുന്നില്ല. ആയതിനാൽ ശ്രീ. കോടിയേരി ബാലകൃഷ്ണന് അവകാശ ലംഘനപ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

27-2-2003-ൽ ശ്രീ. പി. സി. ജോർജ് എം.എൽ.എ.-യുടെ സബ്മിഷന് മറുപടി നൽകവേ പാതിരാമണൽ ഒബ്രോയ് ഗ്രൂപ്പിന് കൈമാറുന്നത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എടുത്ത മന്ത്രിസഭാ തീരുമാനത്തിന്റെ തുടർച്ചയാണെന്ന് ടൂറിസം വകുപ്പുമന്ത്രി സഭയിൽ പ്രസ്താവിച്ചത് വാസ്തവ വിരുദ്ധമാണെന്ന് ആരോപിച്ചുകൊണ്ട് മന്ത്രിക്കെതിരെ

LIBRARY ARCHIVES Kerala Legislative Assembly

അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. പി. രാജേന്ദ്രൻ ഒരു നോട്ടീസ് നൽകിയിരുന്നു. ഈ പ്രശ്നം സംബന്ധിച്ച് ചെയർ ടൂറിസം വകുപ്പുമന്ത്രിയുടെ വിശദീകരണമാരായുകയുണ്ടായി. മന്ത്രിയുടെ വിശദീകരണത്തിൽ പാതിരാമണൽ ദീർഘകാല പാട്ട വ്യവസ്ഥയിൽ കൈമാറുന്നതു സംബന്ധിച്ച് 29-3-2000-ത്തിലെ മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നുവെന്നും അതനുസരിച്ച് പാട്ടവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 13-4-2000-ത്തിൽ ജി.ഒ.332/2000/ജി.എ.ഡി. നമ്പരായി ഉത്തരവിറക്കിയിരുന്നെന്നും പ്രസ്തുത ഫയലിന്റെ തുടർ നടപടികളാണ് ഇപ്പോൾ നടക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. മന്ത്രിയുടെ മറുപടിയിൽനിന്നും, മന്ത്രി നിയമസഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുകയോ, സഭയിൽനിന്നും എന്തെങ്കിലും മറച്ചുവയ്ക്കുകയോ ചെയ്തതായി ചെയറിനു തോന്നുന്നില്ല. ആയതിനാൽ ശ്രീ. കെ. പി. രാജേന്ദ്രന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

2001 ഒക്ടോബർ 17-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിട്ട 81-ാം നമ്പർ ചോദ്യത്തിനും 2003 ജൂലായ് 2-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിട്ട 356-ാം നമ്പർ ചോദ്യത്തിനും വനം വകുപ്പുമന്ത്രി നൽകിയ ഉത്തരങ്ങൾ പരസ്പര വിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് ആരോപിച്ചുകൊണ്ട് മന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. എം. വി. ജയരാജൻ ഒരു നോട്ടീസ് നൽകിയിരുന്നു. ഈ പ്രശ്നം സംബന്ധിച്ച രേഖകൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 17-10-2001-ലെ "എങ്കിൽ സർക്കാർ നയത്തിനെതിരെ കേസ് കൈകാര്യം ചെയ്ത സർക്കാർ പ്ലീഡർമാരുടെമേൽ നടപടി സ്വീകരിക്കുമോ" എന്ന ചോദ്യത്തിന് "ഉത്തരവാദികളായ സർക്കാർ പ്ലീഡർമാരുടെമേൽ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്" എന്നും 2-7-2003-ലെ "ഈ കേസുകൾ നടത്തുന്ന കാര്യത്തിൽ സർക്കാർ വക്കീലന്മാരും വൻകിട വനം കയ്യേറ്റക്കാരും തമ്മിൽ ഒത്തുകളിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ" എന്ന ചോദ്യത്തിന് "ഇല്ല" എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ചോദ്യങ്ങൾ വ്യത്യസ്തങ്ങളായതിനാൽ അതനുസരിച്ചുള്ള മറുപടികളാണ് മന്ത്രി നൽകിയിട്ടുള്ളത്. ഇതിൽനിന്നും മന്ത്രി നൽകിയ മറുപടികൾ പരസ്പര വിരുദ്ധമോ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതോ ആണെന്ന് ചെയർ കരുതുന്നില്ല. ആയതിനാൽ ശ്രീ. എം. വി. ജയരാജന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

(സി) ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

17-3-2003-ലെ കണ്ണൂർ എസ്.പി. ഓഫീസ് മാർച്ചിനെത്തുടർന്ന് പോലീസ് മർദ്ദിച്ചുവെന്ന് ആരോപിച്ചുകൊണ്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നൽകിയ നോട്ടീസും, ഇതേ വിഷയത്തിൽ പാനൂർ സി.ഐ., എസ്.ഐ. എന്നിവർക്കെതിരെ ശ്രീ. എം. വി. ജയരാജൻ നൽകിയ നോട്ടീസും 24-6-2002-ലെ 801-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിനു നൽകിയ ഉത്തരം സംബന്ധിച്ച് മുഖ്യമന്ത്രിക്കെതിരെ ശ്രീ. ടി. കെ. ബാലൻ നൽകിയ നോട്ടീസും 31-7-2003-ലെ നക്ഷത്ര ചിഹ്നമിട്ട 767-ാം നമ്പർ ചോദ്യത്തിന്റെ ഉപചോദ്യത്തിനുള്ള മറുപടിയെ ആസ്പദമാക്കി ടൂറിസം വകുപ്പുമന്ത്രിക്കെതിരെ ശ്രീ. പി. സി. ജോർജ് നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

ശ്രീ. എ. കെ. ആന്റണി: സർ, സഭ മുൻപാകെ വയ്ക്കാൻ ഗവൺമെന്റിന് തൽക്കാലം മറ്റ് ബിസിനസ്സുകൾ ഒന്നും ഇല്ലാത്തതുകൊണ്ട് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly